LIBRARY ARCHIVES Kerala Legislative Assembly

സൈബർ ഡോം പദ്ധതി

98(5684) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ ഡോം പദ്ധതിയുടെ പ്രവർത്തന രീതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ പൊതുജനങ്ങളെ കൂടി പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി (പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ്) ആരംഭിക്കുന്ന പദ്ധതിയാണ് സൈബർ ഡോം. പദ്ധതിക്ക് ആവശ്യമായ സാധന സാമഗ്രികളും സെന്ററിന്റെ വികസനത്തിനാവശ്യമായ തുകയും പോലീസ് ഡിപ്പാർട്ട്മെന്റ് വഹിക്കണമെന്നും ഐ.റ്റി. കമ്പനികളിലെ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥർ, സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനാവശ്യമായ സഹായം പോലീസുദ്യോഗസ്ഥർക്ക് നൽകണമെന്നും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ഐ.ടി. കമ്പനിയിലെ ഉദ്യോഗസ്ഥരല്ലാതെ മറ്റു പൊതുജനങ്ങൾ ഈ പദ്ധതിയിൽ പങ്കാളികളാകുന്ന രീതിയിലല്ല ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനം

99(5685) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ :

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ക്രൈംബ്രാഞ്ചിന്റെ ജോലിഭാരം കുറയ്ക്കുന്നതിനും ഏതെങ്കിലും കേസിൽ ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ പരാതി ഉണ്ടായാൽ sl കേസ് ജില്ലാ പോലീസ് മേധാവിക്ക് ഊർജിത അന്വേഷണത്തിനായി കൈമാറുന്നതിനും പ്രാധാന്യമായ കേസുകളുടെ അന്വേഷണം ലോക്കൽ പോലീസിൽനിന്നും മാറ്റി ഊർജിത അന്വേഷണത്തിന് സാഹചര്യം ഒരുക്കുന്നതിനുമാണ് ജില്ലാ ക്രൈംബ്രാഞ്ചുകളുടെ രൂപീകരണം കൊണ്ടുള്ള പ്രധാന ലക്ഷ്യങ്ങൾ.

(സി) ജില്ലാ ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനത്തിന് 1 ACP/DySP, 2 Inspector, 14 SI, 14 SCPO, വനിതകൾ ഉൾപ്പെടെ 6 CPO -മാർ എന്നിങ്ങനെ ഉദ്യോഗസ്ഥരെ പുനർ വിന്യാസംവഴി നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ടോ പോലീസ് ശ്രീ. പി. ജി. കോശി പണിക്കർക്കെതിരെയെടുത്ത കള്ളക്കേസ്

100(5686) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ കണ്ടോ പോലീസ് സ്റ്റേഷനിൽ ശ്രീ. പി. ജി. കോശി പണിക്കർ, പുഷ്പമംഗലം ഹൗസ്, പുന്നമുക്ക്, കൊല്ലം എന്നയാളുടെ പേരിൽ ക്രൈം നമ്പർ 1317/14, 1827/14 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിരുന്നുവോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത കേസുകൾക്ക് ആധാരമായ കാര്യങ്ങളിൽ ശ്രീ കോശി പണിക്കർ നിരപരാധിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടും ബോധപൂർവ്വം കേസ് കെട്ടിച്ചമച്ചതാണെന്ന് കാണിച്ച് sl യാൾ നൽകിയ പരാതി ലഭ്യമായിരുന്നോ ;

(സി) എങ്കിൽ ഈ പരാതിയിന്മേൽ ആരെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചതെന്നും അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കുമോ ;

(ഡി) പരാതിക്കാരന്റെ പേരിൽ കള്ളക്കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കിഴക്കേ കല്ലട നിരയിൽ പുത്തൻ വീട്ടിൽ ശ്രീമതി ബിന്ദു എന്നയാളുടെ പരാതിയിൽ കണ്ടോ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1827/14 u/s 420 IPC & 3 r/w 17 of Kerala Money Lenders Act പ്രകാരം ഒരു കേസും കണ്ടോ മുട്ടട ജംഗ്ഷനിൽ